## പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2603

12.03.2018-ന് മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിൽ വരുത്തിയ പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ 12 സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള ധനസഹായത്തിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കോഴിക്കോട് ജില്ലയിൽ നിന്നും 26 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുള്ളതിൽ 23 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും അപ്രകാരം നരിക്കുനി ഗവ.എച്ച്.എസ്.എസ്. ബേപ്പൂർ ഗവ.എച്ച്.എസ്. എന്നീ സ്കൂളുകൾക്ക് കിഫ്ബി മുഖേനയുള്ള ധനസഹായത്തിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി മൂന്ന് കോടി രൂപ അനുവദിക്കപ്പെട്ട ആലത്തൂർ നിയോജകമണ്ഡലത്തിലെ | (ബി) ആലത്തൂർ നിയോജക മണ്ഡലത്തിൽ മൂന്നുകോടി രൂപയുടെ കിഫ്ബി ധനസഹായത്തിലുൾപ്പെട്ട സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും കിഫ്ബിയുടെ |

| | | | |
|---|---|---|---|
| | വിദ്യാലയത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ ; | | അംഗീകാരവും ലഭ്യമാക്കി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട കിഴക്കഞ്ചേരി ജി എച്ച് എസ് എസ് സ്കൂളിലും പുതിയങ്കം ജി യു പി സ്കൂളിലും അടിസ്ഥാന സൗകര്യ വികസനത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതിയുടെ രൂപരേഖക്ക് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ടോ ; വിശദമാക്കാമോ? | (സി) | ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള കിഴക്കഞ്ചേരി ഗവ.ഹയർ സെക്കന്ററി സ്കൂളിന് ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള ധനസഹായത്തിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വാർഷിക പദ്ധതിയിൽപ്പെട്ട സ്കൂൾ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും പുതിയങ്കം ജി.യു.പി.സ്കൂളിനെ തെരഞ്ഞെടുക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ